# വട്ടക്കുന്നേൽ കുടുംബയോഗം




## കോട്ടയം

പ്രിയരെ,

ദൈവകൃപയാൽ നമ്മുടെ കുടുംബയോഗം 26-ാം വാർഷികം ആഘോഷിക്കുവാൻ പോകയാണ്. ഈ അവസരത്തിൽ നമ്മുടെ പ്രഥമയോഗം ഒരിയ്ക്കൽക്കൂടെ അനുസ്മരിച്ചുപോകയാണ്. അതിൽ പങ്കെടുക്കുവാൻ കഴിഞ്ഞവർ എത്ര ഭാഗ്യവാന്മാരാണ്! കാരണം, ദൈവത്തിന്റെ **പരിശുദ്ധ ആത്മാവ് നമ്മുടെ കുടുംബത്തിന്മേൽ ഏറ്റവും ശക്തിയായി പ്രവർത്തിച്ച ദിവസം** ആയിരുന്നു അത്!

അന്നത്തെ ഞായറാഴ്ച പുലർച്ചെ കോട്ടയം മാർ ഏലിയാ കത്തീഡ്രൽ മദ്ബഹായിൽ 80 വയസ്സ് പ്രായമായ **പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി** തന്റെ കുടുംബാംഗങ്ങളെ എല്ലാം ധ്യാനിച്ച് അത്യുത്സാഹത്തോടെ അർപ്പിച്ച **വി. കുർബ്ബാന** അനുഗ്രഹപൂർണ്ണമായി. അതിന്റെ **ശബ്ദലേഖനം ഒരു അമൂല്യ നിധിയായി** നാം ഇന്നും സൂക്ഷിച്ചുപോരുന്നുണ്ട്.

അന്ന് ജീവിച്ചിരുന്ന കുടുംബാംഗങ്ങളെല്ലാം ഏകമനസ്സോടെ പുരാതനമായ തറവാടുമുറ്റത്ത് ഒത്തുകൂടി ഉച്ചഭക്ഷണം സസന്തോഷം പങ്കിട്ടനുഭവിച്ചു. തികച്ചും ദൈവാത്മപ്രേരിതമായി; അവരുടെ മദ്ധ്യത്തിലേയ്ക്ക് കടന്നുവന്ന പരിശുദ്ധ ബാവാതിരുമേനി തന്റെ ബന്ധുജനങ്ങളുമായി സൗഹൃദം പങ്കിട്ട് ആഹ്ലാദിച്ചു. സായാഹ്നംവരെ അവരോടൊപ്പം ഇരുന്ന് നമ്മുടെ **പ്രഥമ സമ്മേളനം ഉദ്ഘാടനം** ചെയ്യുകയും വേണ്ട ഉപദേശങ്ങളും അനുഗ്രഹങ്ങളും ചൊരിഞ്ഞുതരികയും ചെയ്തു. പരിശുദ്ധ പിതാവിനോടൊപ്പം ഇരുന്ന് എടുത്ത **3 ഗ്രൂപ്പ് ഫോട്ടോകളും** ചരിത്രസ്മാരകങ്ങളാണ്. അങ്ങനെ നമ്മുടെ ചരിത്രത്തിലെ ഏറ്റവും ധന്യമായ ദിവസമായി അത് പരിണമിച്ചു.

അന്നത്തെ ദൈവാത്മചൈതന്യം പുനരുജ്ജീവിപ്പിക്കുവാനും പരിശുദ്ധ പിതാവിനോടുള്ള ഭക്തി ആദരവുകൾ പ്രകടമാക്കി അവിടുത്തെ **അനുഗ്രഹങ്ങൾ സ്വായത്തമാക്കുവാനും** ആ ദിവസത്തിന്റെ മാധുര്യം അയവിറക്കുവാനുംകൂടെ ആണ് **നാം വീണ്ടും ഒരുമിച്ചുകൂടുന്നത്!**

കുലീനമായ നമ്മുടെ പാരമ്പര്യം നഷ്ടമാകാതെ ഇളംതലമുറയിലും വേരുറപ്പിച്ച് **സംസ്ക്കാരസമ്പന്നമായ ഒരു തലമുറയെ** വാർത്തെടുക്കാൻ കൂടെയാണത്.

കടന്നുപോയ **ഒരുവർഷക്കാലത്തെ നമ്മുടെ പ്രവർത്തനങ്ങൾ** ഈ അവസരത്തിൽ **അവലോകനം** ചെയ്യുകയാണ്.

ദേവാലയ നിർമ്മാണം മനുഷ്യജീവിതത്തിലെ ഏറ്റവും അനുഗ്രഹപ്രദമായ കർമ്മങ്ങളിലൊന്നാണ്. അതിൽ പങ്കുചേരാനൊക്കുന്നത് അസുലഭ ഭാഗ്യവും ആണ്. നമ്മുടെ കുടുംബാംഗങ്ങൾ വളരെയുള്ള ഇടവകയാണ് **പാറമ്പുഴ സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി.** തന്നെയുമല്ല, നമ്മുടെ കുടുംബാംഗം 'ബഹു. ഞള്ളനാട്ട് മാണി കത്തനാർ ആയിരുന്നു സ്ഥാപക വികാരി. 1956-ൽ അദ്ദേഹത്തിന്റെ ആഗ്രഹം മാനിച്ച് നമ്മുടെ പ: ബാവാ തിരുമേനി മുൻകൈ എടുത്ത് പണി തീർത്തതാണ് ആദ്യത്തെ ദേവാലയം. കാലപ്പഴക്കം വന്ന ആ പള്ളി പുതുക്കിപ്പണിയണമെന്ന് ആഗ്രഹിച്ച അദ്ദേഹത്തിന്റെ പുത്രൻ പരേതനായ ഞള്ളനാട്ട് ജോൺ മാണി ആദ്യമായി ഗണ്യമായ ഒരു തുക അതിനായി സംഭാവന ചെയ്തു. അതിമനോഹരമായി പുനർനിർമ്മിക്കപ്പെട്ട ആ പള്ളിയുടെ പൂർത്തീകരണത്തിനായി **കാൽ ലക്ഷം രൂപ** പിരിച്ചെടുത്ത് നമ്മുടെ കുടുംബയോഗം വകയായി സംഭാവന ചെയ്യുവാൻ സാധിച്ചത് നമുക്ക് ഏവർക്കും അനുഗ്രഹപ്രദമാണ്. 2011 മെയ് 5-ന് അതിന്റെ കൂദാശകർമ്മവും നിർവ്വഹിക്കപ്പെട്ടു.

കുടുംബ കൂട്ടായ്മയുടെ ശ്രേയസ്സിനും ഓരോ ഭവനത്തിലും ദൈവിക സംസർഗ്ഗം കൂടുതലായി അനുഭവപ്പെടുവാനും തക്കവണ്ണം ഭവനങ്ങളിൽ വെച്ച് ഒരു **ധ്യാനപ്രാർത്ഥന** നടത്തുന്നത് നന്നായിരിക്കുമെന്ന കമ്മറ്റിയുടെ ആഗ്രഹവും ഇതിനിടെ സഫലമായി. പ്രഥമയോഗം **പ. ബാവതിരുമേനിയുടെ ഭവനത്തിൽ** 19-03-2011 - ൽ പഴയ സെമിനാരി ചാപ്പലയിൽ **ബഹു. യൂഹാനോൻ റമ്പാച്ചന്റെ** നേതൃത്വത്തിൽ നടന്നു. അതിൽ പങ്കെടുത്ത നമ്മുടെ കുടുംബാംഗങ്ങൾക്കെല്ലാം അതൊരു അനുഗ്രഹത്തിന്റെ അനുഭവമായിരുന്നെന്ന് അറിയിക്കുകയുണ്ടായി. നമ്മുടെ സെക്രട്ടറി ഡോ. ജോർജ് കുര്യൻ പ്രത്യേകം താല്പര്യമെടുത്താണ് അത് നടത്തിയത്. രണ്ടാമത്തെ ധ്യാനം 13-8-11 **ഡീക്കൻ ഷൈജു മത്തായിയുടെ** നേതൃത്വത്തിൽ പുല്ലാട്ട് വച്ചും നടത്തുകയുണ്ടായി. (താല്പര്യമുള്ളവർ അറിയിച്ചാൽ അവരുടെ ഭവനത്തിൽ വച്ചും ധ്യാനപ്രാർത്ഥന നടത്തുവാൻ സന്തോഷം ഉണ്ട്).

കാലപ്പഴക്കത്തിൽ ക്ഷയിച്ചും, മുറിഞ്ഞും പോകുന്ന സഹോദരബന്ധങ്ങളെ ശക്തിപ്പെടുത്തുകയുകൂട്ടിച്ചേർക്കുകയുമാണല്ലോ കുടുംബയോഗങ്ങളുടെ സുപ്രധാന ദൗത്യം. 7-8 തലമുറകൾക്ക് മുമ്പ് കോട്ടയത്തെത്തി വട്ടക്കുന്നേൽ കുടുംബം സ്ഥാപിച്ച ഉണ്ണൂട്ടി ഒന്നാമന്റെ കുടുംബമായ തൈക്കാട്ട്-തയ്യിൽ കുടുംബവുമായുള്ള ബന്ധം പുനഃസ്ഥാപിച്ചത് ഇത്തരത്തിൽ വലിയൊരു നേട്ടമായി കരുതാം. ചില വർഷങ്ങളായി ഈ ബന്ധം കൂടുതൽ ശക്തിപ്പെട്ടുവരികയാണ്. 2011 മെയ് മാസം 1 ന് മണർകാട് പള്ളിയുടെ ഹാളിൽ നടന്ന **തൈക്കാട്ട് സംയുക്ത കുടുംബസംഗമത്തിൽ** നാമും ഔദ്യോഗികമായി പങ്കെടുത്തു. പ്രാരംഭ സംരംഭം എന്ന നിലയിൽ നമ്മുടെ പങ്കാളിത്തം ശ്രദ്ധേയമായി. നമ്മുടെ കുടുംബയോഗം പ്രസിഡന്റ് ഉദ്ഘാടനപ്രസംഗം നടത്തിയ രാവിലത്തെ യോഗത്തിനിടയിൽ തന്നെ ഇപ്പോഴത്തെ ബഹു. കേരള മുഖ്യമന്ത്രിയും വന്നെത്തി ആശംസ അറിയിച്ചത് ശുഭോദർക്കമാണ്. പ. ബാവാ തിരുമേനിയുടെ പിതാവും മണർകാട്പള്ളി മുൻവികാരിയുമായ **ബഹു. വട്ടക്കുന്നേൽ കുര്യൻ കത്തനാരുടെ** ഓർമ്മദിവസം സമുചിതമായി ആചരിക്കുന്നതിനും സംയുക്തയോഗം തുടക്കംകുറിച്ചു. പൂർവ്വിക പിതാക്കന്മാരുടെയും പ്രത്യേകിച്ച് പരിശുദ്ധ ബാവാ തിരുമേനിയുടെയും ആഗ്രഹ പൂർത്തീകരണത്തിന് **സംയുക്ത കുടുംബത്തിന്റെ പങ്കാളിത്തം കൂടുതലായി നാം സ്വാഗതം ചെയ്യുന്നു.**

# പ: ബസേലിയോസ് മാർത്തോമ്മാ
# മാത്യൂസ് പ്രഥമൻ ബാവാ അനുസ്മരണവും (15)
# വട്ടക്കുന്നേൽ കുടുംബയോഗ വാർഷികവും (26)
## 2011 നവംബർ 13 ഞായർ
### മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഹാൾ (സെന്റ് ലാസറസ് പള്ളി ഹാൾ)




**ജീവകാരുണ്യ പ്രവർത്തനങ്ങളാണ്** നമ്മുടെ പരമപ്രധാന ലക്ഷ്യം, എന്നത് വിസ്മരിച്ചുകൂടാ. അതു മാത്രമാണ് ജീവിതാന്ത്യത്തിൽ നമ്മെ തുണയ്ക്കുന്ന സമ്പത്ത് എന്ന സത്യം ഈ കുടുംബത്തിലുള്ളവർക്ക് പറഞ്ഞുകൊടുക്കേണ്ട ആവശ്യമില്ല. പിതാക്കന്മാരിൽ നിന്നും രക്തത്തിൽ പകർന്നുകിട്ടിയ അറിവായി അത് നിലനിൽക്കുന്നു.

പ. മാത്യൂസ് പ്രഥമൻ ബാവാ തിരുമേനിയുടെ നാമത്തിൽ നാം നടത്തുന്ന **എൻഡോവ്മെന്റ് ഫണ്ട്** ഈ വിശ്വാസത്തിൽ അധിഷ്ഠിതമാണ്. പല നല്ല കാര്യങ്ങളും ചെയ്യുവാൻ ഇതുമൂലം നമുക്ക് കഴിഞ്ഞിട്ടുണ്ട്. എങ്കിലും വൈദ്യസഹായത്തിനും, വിദ്യാഭ്യാസ ചിലവുകൾക്കും മറ്റുമായി സമീപിക്കുന്നവരെ **വേണ്ടവിധം സഹായിക്കുവാൻ** ഇന്ന് നമുക്ക് കഴിയുന്നില്ലെന്നുള്ളത് ഒരു പരമാർത്ഥമാണ്.

**പ്രതിമാസം ഒരു നിശ്ചിത തുക മാറ്റിവെച്ച്, അത് ജീവകാരുണ്യ പ്രവർത്തനത്തിനായി നമ്മെ ഏൽപ്പിക്കുന്ന പതിവ് നമ്മിൽ ചിലർക്ക് ഇപ്പോൾ തന്നെ ഉണ്ട്. സ്വന്തമായി വരുമാനമുള്ളവരെല്ലാം ഈ നല്ല ശീലം പിൻതുടരാൻ ഇടയായാൽ നമ്മുടെ ലക്ഷ്യം കൈവരിക്കാൻ പ്രയാസമില്ല. സ്വർഗ്ഗത്തിലേയ്ക്കുള്ള നമ്മുടെ നിക്ഷേപം അർഹിക്കുന്ന കരങ്ങളിൽ എത്തുന്നുണ്ടെന്ന് സമാശ്വസിക്കുകയും ചെയ്യാം.**

**ദേവലോകം ചാപ്പലിൽ നവംബർ 7, 8 തീയതികളിൽ** നടക്കുന്ന ഓർമ്മദിന ചടങ്ങുകൾ നമുക്ക് ഏറ്റവും പ്രധാനപ്പെട്ടതാണ്. നമ്മുടെ എല്ലാ നല്ല ആഗ്രഹങ്ങളേയും ദൈവതിരുമുമ്പാകെ ഇടവിടാതെയുള്ള പ്രാർത്ഥനകളായി കരേറ്റുവാൻ ശ്രേഷ്ഠ പുരോഹിതനായ നമ്മുടെ പിതാവിന്റെ മദ്ധ്യസ്ഥത ഇടയാക്കും.

**7-ാം തീയതി** തിങ്കളാഴ്ച വൈകിട്ട് മാർ **ഏലിയാ കത്തീഡ്രലിൽ** നിന്നുള്ള **വാഹനഘോഷയാത്രയിലും**, റാസയിലും പ്രാർത്ഥനകളിലും **8-ാം തീയതി** രാവിലത്തെ (7.30 A.M.) **വിശുദ്ധ കുർബ്ബാനയിലും** ഇതര ചടങ്ങുകളിലും നാം എല്ലാവരും തന്നെ ഭക്തിപുരസ്സരം പങ്കെടുക്കണം.

**13-ാം തീയതി** വാർഷിക സമ്മേളനത്തിന് എത്തിച്ചേരുന്ന ഏറ്റവും **മുതിർന്നവരെ ആദരിക്കുന്ന** ഒരു ചടങ്ങുകൂടെ ഉൾപ്പെടുത്തണമെന്ന് നാം ആഗ്രഹിക്കുന്നതിനാൽ അൽപ്പം ത്യാഗം സഹിച്ച് എല്ലാ പ്രായത്തിലുള്ളവരും **എത്തിച്ചേരാൻ ശ്രമിക്കണം.**

**കുഞ്ഞുങ്ങളെ പ്രോത്സാഹിപ്പിക്കാൻ** നാം നടത്തുന്ന ശ്രമങ്ങളോടു ചേർന്നു പ്രവർത്തിക്കണം. കഴിവുകൾ പ്രകടിപ്പിക്കുവാൻ കുട്ടികൾ മുന്നോട്ടു വരണം.

ഓഡിറ്റ് ചെയ്ത കണക്കുകൾ യോഗത്തിൽ പ്രസിദ്ധപ്പെടുത്തും. നമ്മുടെ വെബ്സൈറ്റ് **www.vattakunnelbava.com** ൽ **പ.ബാവാ തിരുമേനിയുടെ ശബ്ദം കൂടി ചേർത്തിട്ടുണ്ട്.**

**യോഗസ്ഥലം : കോട്ടയം കളക്ട്രേറ്റിന് തെക്കുകിഴക്ക് സെന്റ് ലാസറസ് പള്ളിയോടുചേർന്നുള്ള മാർത്തോമ്മാ മാത്യൂസ് പ്രഥമൻ ഹാൾ.**

ഏവരേയും യോഗത്തിലേയ്ക്ക് സ്നേഹപൂർവ്വം ക്ഷണിച്ചുകൊണ്ട്,


മാനേജിംഗ് കമ്മറ്റിയ്ക്കുവേണ്ടി
**പി.റ്റി. മാത്യു (പ്രസിഡന്റ്)**
ഫോൺ. 0481 - 2563380


കോട്ടയം,
11-10-2011.

# പ്രോഗ്രാം

**13 - 11 - 2011**

- **08.00 A.M. :** വി.കുർബ്ബാന - മാർ ഏലിയാ കത്തീഡ്രൽ, കോട്ടയം
- **10.30 A.M. :** രജിസ്ട്രേഷൻ (M.M.P. HALL), സൗഹൃദം പുതുക്കൽ
- **11.00 A.M. :** കലാ-കായിക മത്സരങ്ങൾ
- **11.30 A.M. :** അനുസ്മരണ സമ്മേളനം
- **01.00 P.M :** ഉച്ചഭക്ഷണം
- **02.00 P.M. :** മുതിർന്നവരെ ആദരിക്കൽ, മത്സരങ്ങൾ (തുടർച്ച)
- **02.30 P.M. :** ജനറൽബോഡി, തെരഞ്ഞെടുപ്പ്, ഇതരവിഷയങ്ങൾ
- **04.00 P.M :** സമ്മാനദാനം, കാപ്പി